(ബി) ആരോഗ്യ വകുപ്പിൽ കണക്ക് ലഭ്യമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും സെയ്ഫ് കേരള കാമ്പയിൻ പ്രകാരവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യവകുപ്പ് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്യുവരുന്നു. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്ക് വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്നൊരു ബിൽ നിയമമാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

46 (738) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികയില്ലാത്ത ഏക താലൂക്ക് ആശുപത്രി എന്ന വസ്തുത കണക്കിലെടുത്ത് അടിയന്തരമായി തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാഷ്വാൽറ്റി സൗകര്യം ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് വിവിധ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലുമായി ധാരാളം പോസ്റ്റുകൾ ആശുപത്രികളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് സൃഷ്ടിച്ചിരുന്നു. വീണ്ടും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്തുത വാഗ്ദാനം നടപ്പാക്കാനായില്ല. ജോലിഭാരം കുറഞ്ഞ ആശുപത്രികളിൽനിന്നും അവിടുത്തെ ഒ.പി./ഐ.പി. ആവശ്യകത വിലയിരുത്തിയശേഷം താലൂക്ക് ആശുപത്രികളിലേയ്ക്ക് ഡോക്ടർമാരുടെ കഴിയുന്നത്ര തസ്തികകൾ റീ-ഡിപ്ലോയ് ചെയ്യുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാനാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly